LIBRARY ARCHIVES Kerala Legislative Assembly

സ്കൂളുകളിലും സർക്കാർ ഓഫീസുകളിലും സൗരോർജ്ജ പ്ലാന്റുകൾ

219(233) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ കാട്ടാക്കട നിയോജക മണ്ഡലത്തിലെ മുഴുവൻ സ്കൂളുകളിലും സർക്കാർ ഓഫീസുകളിലും സൗരോർജ്ജ സ്ഥാപിക്കുന്നതിന് (Grid Connected Solar Generation Plant) തുക വകയിരുത്തിയിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആയതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കപ്പെട്ടിട്ടുണ്ടോ; തുടർ നടപടികൾ എന്തൊക്കെയാണെന്നറിയിക്കുമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിലെ മുഴുവൻ സ്കൂളുകളിലും (64) പ്രാരംഭഘട്ട സർവ്വേ നടത്തുകയുണ്ടായി. ആയതിൽനിന്ന് feasible ആണെന്ന് കണ്ടെത്തിയ 23 സൈറ്റുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ബന്ധപ്പെട്ട അധികാരികൾക്ക് നൽകുന്നതാണ്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ഡെവലപ്പർ സർവ്വേ ആരംഭിക്കുന്നതും തുക കെ.എസ്.ഇ.ബി.എൽ.-ന് ലഭ്യമാക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങളുടെ നടപടികൾ ആരംഭിക്കാവുന്നതുമാണ്. കൂടാതെ സർക്കാർ ഓഫീസുകളുടെ ലിസ്റ്റ് ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട MLA ഓഫീസിൽ അറിയിച്ചിട്ടുള്ളതുമാണ്. ലിസ്റ്റ് ലഭ്യമാക്കുന്നമുറയ്ക്ക് സർവ്വേ നടപടികൾ തുടരുന്നതും മേൽപ്പറഞ്ഞപ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതുമാണ്.

കാസർഗോഡ് ജില്ലയിലെ സോളാർ പാർക്കുകളിൽ നിന്നുള്ള വൈദ്യുതി

220(234) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന സോളാർ പാർക്കുകളിൽനിന്നും എത്ര യൂണിറ്റ് വൈദ്യുതിയാണ് പ്രതിദിനം ഉൽപാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ അമ്പലത്തറയിൽ 50 MW-ഉം പൈവെളികയിൽ 50 MW-ഉം സോളാർ പ്ലാന്റുകളാണ് ഉള്ളത്. അമ്പലത്തറ സോളാർ പ്ലാന്റിൽ നിന്നുള്ള ശരാശരി പ്രതിദിന വൈദ്യുതോല്പാദനം ഏകദേശം 2 ലക്ഷം യൂണിറ്റും പൈവെളികെ പ്ലാന്റിൽ നിന്നുള്ള ശരാശരി പ്രതിദിന വൈദ്യുതോല്പാദനം ഏകദേശം 2.2 ലക്ഷം യൂണിറ്റും ആണ്. കാലാവസ്ഥാ വ്യതിയാനത്തിനനുസരിച്ച് ഉല്പാദനത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സോളാർ വൈദ്യുതി നിലയങ്ങൾക്കായി എത്ര കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

കാസർഗോഡ് സോളാർ നിലയങ്ങൾക്കായി 560 കോടി രൂപ ചെലവായിട്ടുണ്ട്. സോളാർ പാർക്കിന്റെ വികസനം (അടിസ്ഥാനസൗകര്യം ഒരുക്കൽ, കൺസൾട്ടൻസി, സർവ്വേ, കെട്ടിടം, internal power evacuation മുതലായവ), സോളാർ നിലയങ്ങൾ സ്ഥാപിക്കൽ എന്നിവയ്ക്കുള്ള മൊത്തം ചെലവാണിത്. സോളാർ നിലയങ്ങൾ സ്ഥാപിച്ചിരിക്കുന്നത് IREDA, THDCIL എന്നിവരാണ്. സോളാർ പാർക്കിന്റെ വികസനത്തിനുള്ള ചെലവിൽ 12.6 കോടി രൂപ MNRE ഗ്രാന്റാണ്. പ്രസ്തുത നിലയങ്ങളിൽ നിന്നുമുള്ള പവർ ഇവാക്വേഷനായി (power evacuation) KSEBL-ന് ഏകദേശം 29.678 കോടി രൂപയും ചെലവായിട്ടുണ്ട്. ഇതിനും MNRE ഗ്രാന്റ് ലഭ്യമാണ്.

സൗരമേൽക്കൂര വൈദ്യുത നിലയങ്ങൾ

221(235) ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സൗരമേൽക്കൂര വൈദ്യുത നിലയങ്ങളുമായി ബന്ധപ്പെട്ട് തൃശ്ശൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

കെ. എസ്. ഇ. ബി. എൽ. മുഖാന്തരം തൃശ്ശൂർ നിയോജകമണ്ഡലത്തിൽ 1 MW-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 116 സൈറ്റുകളിലായി പുരോഗമിച്ചുവരുന്നു. ഇതിൽ എഞ്ചിനീയറിംഗ് കോളേജ് (300 KW), പോലീസ് അക്കാഡമി (100 KW), ഐ.ആർ.ബി. ബറ്റാലിയൻ (100 KW) എന്നീ ഗവൺമെന്റ് സ്ഥാപനങ്ങൾ ഉൾപ്പെടുന്നു. കൂടാതെ, ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡി നൽകി സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിന്റെ ഭാഗമായുള്ള സർവ്വേ നടപടികൾ 249 സൈറ്റുകളിൽ പൂർത്തീകരിച്ച് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചുവരുന്നു. തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ പുരപ്പുറത്ത് 150 കിലോവാട്ട് പീക്ക് സ്ഥാപിതശേഷിയുള്ള സൗരനിലയം സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ തൃശ്ശൂർ മെഡിക്കൽ കോളേജ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡുമായി ധാരണാപത്രം ഒപ്പിടാത്തതിനാൽ നാളിതുവരെയും പദ്ധതി തുടങ്ങാനായിട്ടില്ല. തൃശ്ശൂർ നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെടുന്ന സർക്കാർ മാനസിക ആരോഗ്യകേന്ദ്രത്തിൽ 10kWp ശേഷിയുള്ള ഹൈബ്രിഡ് റൂഫ്ടോപ് സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിന്റെ പ്രവൃത്തി അനെർട്ട് പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനായി 9.72 ലക്ഷം രൂപ അനെർട്ടിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സൗരോർജ്ജ നിലയം തൃശ്ശൂർ കോർപ്പറേഷന്റെ ഇലക്ട്രിസിറ്റി ഗ്രിഡുമായി ബന്ധിപ്പിക്കുന്നതിനുള്ള അനുമതിക്കായി കോർപ്പറേഷൻ ഇലക്ട്രിസിറ്റി വിഭാഗത്തിന് അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്. അനുമതി ലഭിച്ചതിനുശേഷം സൗരോർജ്ജ നിലയം കമ്മീഷനിംഗ് ചെയ്യുന്നതാണ്.